പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

27/10/2016 - ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4842

**<u>അധ്യാപകരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടി</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കാരാട്ട് റസാഖ്<br>,, ഒ. ആർ. കേളു<br>,, എസ്.രാജേന്ദ്രൻ<br>,, പി. ഉബൈദുള്ള പി. ഉണ്ണി : | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ചില സർക്കാർ വിദ്യാലയങ്ങളിൽ ആവശ്യമായ അധ്യാപകർ ഇല്ലാത്തതിനാൽ അദ്ധ്യയനം മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) ഇത് പരിഹരിക്കുന്നതിനായി ഇത്തരം സ്കൂളുകളിൽ അധ്യാപകരെ താത്ക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) അദ്ധ്യാപകർ കുറവുള്ള സ്കൂളുകളിൽ താൽക്കാലികമായി ദിവസവേതാനാടിസ്ഥാനത്തിൽ നിയമിച്ചു വരുന്നുണ്ട് |
| (സി) അദ്ധ്യാപകരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി അവർക്ക് കാലാനുസൃതമായ മാറ്റങ്ങൾക്കനുസരിച്ചുള്ള പരിശീലനം നൽകുവാൻ നടപടി സ്വീകരിക്കുമോ? | (സി) നിലവിൽ എല്ലാ വർഷവും അദ്ധ്യാപകരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി അദ്ധ്യാപക പരിശീലനം നൽകുന്നുണ്ട്. അദ്ധ്യാപക പരിശീലന പരിപാടികളിൽ സമഗ്രമായ മാറ്റങ്ങൾ കൊണ്ടുവരാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഹയർ സെക്കന്ററി വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിലേയ്ക്കായി അദ്ധ്യാപകരെ പ്രാപ്തരാക്കുന്നതിലേയ്ക്കായി, വിദ്യാഭ്യാസ പരിപാടിയുടെ വികസനം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ട്രെയിനർ കോഴ്സ് ഡെവലപ്പ്മെന്റ് പ്രോഗ്രാം. സ്റ്റേറ്റ് ലെവൽ ഒബ്സർവേഷൻ ആന്റ് ഡോക്കുമെന്റേഷൻ പ്രോഗ്രാം. കണ്ടന്റ് ഓറിയന്റഡ് ഫീൽഡ് ലെവൽ ട്രെയിനിംഗ് പ്രോഗ്രാമുകൾ, മോണിറ്ററിംഗ് എന്നിവ നടത്തി വരുന്നു. കൂടാതെ എസ്.സി.ഇ ആർ.ടിയുടെ മേൽ നോട്ടത്തിൽ യഥാസമയം പാഠ്യപദ്ധതി പരിഷ്കരിക്കുകയും ചെയ്യുന്നുണ്ട് |

സെക്ഷൻ ഓഫീസർ